## നിലാവും നിഴലും

അന്തിക്കു മാനത്തുദിക്കും നിലാവേ!
താഴെ നീ തെരയുന്നതെന്തേ?
കൈനീട്ടി നിൽക്കും നിൻ നിഴലിനെയോ-
കൈയ്യെത്താനാവാത്ത സ്വപ്നത്തെയൊ?

അകലത്തുമിന്നുന്ന താരങ്ങളെ!
കൺചിമ്മി നോക്കുന്നതെന്തേ?
നെയ്ത്തിരി കത്തുന്ന ഭൂമിയെയോ?
കാൽത്തളയിട്ടൊരു രജനിയെയോ?

തൊടിയാകെ നിറയുന്ന പാലൊളിയെ,
ഇറുകെ പുണരുന്ന വർണ്ണങ്ങളെ,
അനശ്വരരാക്കുവാൻ കൊതിക്കുന്നുവോ;
മരീചികയാകുന്ന മിഥ്യകളേ.

ഞെട്ടറ്റു വീണനിൻ മോഹങ്ങളെ,
താരാട്ടുപാടിയുറക്കുന്നുവോ;
താലോലമാടുന്ന സ്വപ്നങ്ങളിൽ,
എന്നും ആലോലമാടുന്നുവോ.

പാതിരാ പുള്ളുകളുറങ്ങുമ്പഴും,
ഹിന്ദോളം പാടുന്ന കാറ്റേ,
മുടിയഴിച്ചാടുന്ന കോലങ്ങളിൽ,
നിറയുന്നൊരുന്മാദ ഭാവം.

ഏഴിലം പാലകൾ പൂക്കുന്ന നേരം,
കേൾക്കുന്നുവൊ യക്ഷഗാനങ്ങൾ;
ആലപിക്കുന്നുവൊ, അനുരാഗമന്ത്രം.
ഈണത്തിൽ മൂളുന്ന ചീവീടുകൾ

നിൽക്കുന്നതെന്തേ വ്രീളാ വിവശയായ്,
പൂർണ്ണനാം ചന്ദ്രനുദിക്കുമ്പഴും;
അർദ്ധനിമീലിത നേത്രയായ് നീ,
നൃത്തം ചവിട്ടുന്നുവൊ?



ആകാശ പന്തലിൽ അവരൊരുങ്ങി,
നിലാവും നിഴലും അണിഞ്ഞൊരുങ്ങി,
പാർവ്വതീ, പരമേശ്വരന്മാരായ്;
മംഗല്യസൂത്രത്താൽ ബന്ധിതരായ്.

ഒരു ദേഹവും, ദേഹിയുമായി തീർന്നു,
എന്നേക്കും ഒന്നായ് അലിഞ്ഞു ചേർന്നു,
ഒരിക്കലും മരിക്കാത്ത സ്മരണയായി,
സ്നേഹം അനശ്വരമെന്നു ചൊല്ലി,
അവർ മരണമില്ലാത്തവരായി തീർന്നു.